I/74605/202

## ജില്ലാ ടൗൺ പ്ലാനറുടെ നടപടിക്രമം

വിഷയം: കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ മേലില ഗ്രാമപഞ്ചായത്തിൽ മേലില വില്ലേജിൽ റീസർവ്വേ നമ്പർ 139/6-2(1085 $M^2$), 139/7-2-3-2 (486 $M^2$) രണ്ട് സർവ്വേ നമ്പറിലും കൂടി 1571 $M^2$ വിസ്തീർണ്ണമുള്ള സ്ഥലത്ത് 2439 $M^2$ വിസ്തൃതിയിൽ B+G+6 നിലകളിലായി C ഗണത്തിൽപ്പെടുന്ന ഹോസ്പിറ്റൽ കെട്ടിടത്തിന് ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം: ശ്രീ.സജി ജോർജ് & സുബി സജി,ജെസ്സി വില്ല,കിഴക്കേത്തെരുവ് എന്നിവരുടെ 28/10/2022 ലെ അപേക്ഷ.

---

**ഉത്തരവ് നമ്പർ TCPKLM/542/2022/C** **തീയതി :09-11-2022**

---

കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ മേലില ഗ്രാമപഞ്ചായത്തിൽ മേലില വില്ലേജിൽ റീസർവ്വേ നമ്പർ 139/6-2(1085 $M^2$), 139/7-2-3-2 (486 $M^2$) രണ്ട് സർവ്വേ നമ്പറിലും കൂടി 1571 $M^2$ വിസ്തീർണ്ണമുള്ള സ്ഥലത്ത് 2439 $M^2$ വിസ്തൃതിയിൽ B+G+6 നിലകളിലായി C ഗണത്തിൽപ്പെടുന്ന ഒരു ഹോസ്പിറ്റൽ കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ടി ശ്രീ.സജി ജോർജ്ജ് & ശ്രീമതി.സുബി സജി, Dr.ജെസ്സി വില്ല, കൊട്ടാരക്കര എന്നിവർ സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ KPBR-2019-നും താഴെപറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ:**

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃത ഏജൻസികളുടെ അനുമതി/എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പു വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമാണാനുമതി/ ഒക്യൂപൻസി നൽകുവാൻ പാടുള്ളൂ.
2. നിർമ്മാണം കെ.പി.ബി.ആർ.2019 നും അനുബന്ധഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കണം.
3. KPBR 2019 ലെ ചട്ടം 9(2) പ്രകാരം നിർമ്മാണ സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അളവുകൾ, അതിരുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ടി പ്ലോട്ടിൽ നിലം, പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ലായെന്ന് സെക്രട്ടറി ഉറപ്പാക്കണം.
4. മറ്റു വകുപ്പുകൾ/ ഏജൻസികൾ എന്നിവയിൽ നിന്നും ആവശ്യമായ NOC കൾ ലഭ്യമാക്കേണ്ടതാണ്.
5. പ്രസ്തുത സ്ഥലത്തു നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ലായെന്നും 2008 ലെ നെൽവയൽ തണ്ണീർത്തടനിയമം/അനുബന്ധ ഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരി യ്ക്കണം.
6. പ്രസ്തുത നിർമ്മാണം, ഉപയോഗം എന്നിവ പ്ലോട്ടിനോട് ചേർന്നുള്ള ജലസ്രോതസ്സിനെ കൈയ്യേറുന്നില്ലെന്നും മലിനപ്പെടുത്തുന്നില്ലെന്നും ഉറപ്പു വരുത്തേണ്ടതാണ്.
7. നിർദ്ദിഷ്ട ലേ-ഔട്ടിൽ, പരിസരവാസികൾക്ക് ദോഷമുണ്ടാകാത്ത വിധത്തിൽ, ഡ്രെയിനേജിനുള്ള (മഴവെള്ളം /മലിനജലം) സൗകര്യം നല്കിയിരിയ്ക്കണം.

I/74605/2022

8. നിർമ്മാണം കെ.പി.ബി.ആർ. 2019 ചട്ടം 79 ന് അനുസൃതമായി മാലിന്യനിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.
9. ചട്ടം അനുസരിച്ച ആവശ്യമായ പാർക്കിങ് (വാഹനങ്ങൾ തിരിക്കാനും മറ്റും ആവശ്യമായ സ്ഥലം ഉൾപ്പെടെ) പ്ലോട്ടിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും പാർക്കിങ്ങിനായി മാറ്റിവച്ചിട്ടുള്ള സ്ഥലം ഭാവിയിൽ മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നില്ല എന്നും സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
10. പ്ലോട്ടിന്റെ വടക്ക് ഭാഗത്തുള്ള പാർക്കിംഗ് സാധ്യമാക്കുന്നതിനായി ടി വശത്തെ പ്ലോട്ട് അതിർത്തിയിൽ മതിൽ നിർമ്മിക്കാതെ തുറസ്സായി നിലനിർത്തിയിട്ടുണ്ടെന്നു സെക്രട്ടറി ഉറപ്പ വരുത്തേണ്ടതാണ്.
11. നിർദ്ദിഷ്ട നിർമ്മാണം മൂലം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിൻറെ/ സമീപപ്ലോട്ടിലുള്ള കെട്ടിടത്തിൻറെ സുരക്ഷയെ ബാധിക്കുന്നില്ല എന്നു സെക്രട്ടറി ഉറപ്പ വരുത്തേണ്ടതാണ്.
12. KPBR 2019 ചട്ടം 42 പ്രകാരം വിഭിന്ന ശേഷിക്കാർ, മുതിർന്നവർ കുട്ടികൾ എന്നിവർക്കായുള്ള സൗകര്യങ്ങൾ കെട്ടിടത്തിൽ നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
13. സൈറ്റ് പ്ലാനില് രേഖപ്പെടുത്താത്തതും നിലവിലുള്ളതുമായ നിർമ്മാണങ്ങള് പൊളിച്ച് നീക്കേണ്ടതാണ് കൂടാതെ .KPBR 2019 ചട്ടം 79(A) പ്രകാരം കെട്ടിട നിർമ്മാണ സമയത്തോ, നിലവിലുള്ള നിർമ്മാണം പൊളിച്ചു മാറ്റേണ്ടി വരുമ്പോഴോ ഉണ്ടാകുന്ന മാലിന്യങ്ങൾ )waste) 2016 ലെ construction and demolition of waste management rule പ്രകാരം സുരക്ഷിതമായി ഡിസ്പോസ് ചെയ്യുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണം.
14. അധ്യായം XVII ലെ വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നു സെക്രട്ടറി ഉറപ്പ വരുത്തേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>48/2022 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാനുകൾ ഇതോടൊപ്പം അയയ്ക്കുന്നു</u>

ഉള്ളടക്കം : പ്ലാൻ ഒരു സെറ്റ്

Signed by
Shary M V TOWN PLANNER
Date: 09-11-2022 16:46:53

ശ്രീ. സജി ജോർജ്ജ് & ശ്രീമതി. റൂബി സജി
ജെസ്സി വില്ല
കിഴക്കേത്തെരുവ് (പി.ഒ)
കൊട്ടാരക്കര

പകർപ്പ്: സെക്രട്ടറി,
മേലില ഗ്രാമ പഞ്ചായത്ത്.